**KUTTIPPURAM Sub dist.**

# Silent Bells

ഫസ്റ്റ്ബെൽ – അനുബന്ധ പഠനസഹായകസാമഗ്രി

PLAY

| Class: X | Subject: Malayalam BT | Date: 21-10-20 | Worksheet No: 12 |
|---|---|---|---|

**Lesson & LO: കൊച്ചുചക്കരച്ചി**

1. എ.പി ഉദയഭാനു - ലഘു കുറിപ്പ് തയ്യാറാക്കുക

2. "നാടായാലും കാടായാലും കുന്നായാലും കുഴിയായാലും നല്ലവർ പാർക്കുന്നെങ്കിൽ നീയും നന്നേ വാഴുക നിലമേ"

"നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

നല്ലവർ പാർക്കുന്ന നാടാണ് നല്ല നാട്. എണ്ണിയാലൊടുങ്ങാത്ത നന്മകൾ സമ്പത്തായിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. പച്ചയും മഞ്ഞയും പാറിക്കളിക്കുന്ന പാടങ്ങളും തോപ്പുകളും നാട്ടു തൊടികളും നൂറു നന്മകളും നമുക്കു സ്വന്തമായിരുന്നു .അവയെല്ലാം നഷ്ടപ്പെട്ടു തുടങ്ങിയോ? ഗ്രാമ നഗര വ്യത്യാസമില്ലാതെ മനുഷ്യബന്ധങ്ങൾ മാറിത്തീർന്നുവോ? സ്വന്തം നാട്ടിൻ പുറത്തെക്കുറിച്ചൊന്ന് ചിന്തിച്ചു നോക്കൂ... അവിടത്തെ മനുഷ്യരെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും ഒന്നെഴുതി നോക്കൂ.

3. "മാവ്, മാമ്പഴം" എന്നിവ പ്രമേയമായി വരുന്ന കാവ്യഭാഗങ്ങൾ ,കഥകൾ, സിനിമാഗാന വരികൾ എന്നിവ ശേഖരിച്ച് പതിപ്പാക്കുക.

4. ആസ്വാദനം തയ്യാറാക്കുക മാമ്പഴക്കാലം - പി പി രാമചന്ദ്രൻ

നാട്ടുമാവുമായി ബന്ധപ്പെട്ട ഓർമ്മക്കുറിപ്പാണ് കൊച്ചു ചക്കരച്ചി. പറയൂ നാട്ടിൻ പുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി ഈ മാംഗോ ഫ്രൂട്ടിക്കുള്ള പോലാണോ? എന്നു ചോദിക്കുന്നവരാണ് പുതുതലമുറ.നാട്ടു മാമ്പഴങ്ങളുടെ രസ കാലത്തു നിന്നും രാസ കാലത്തേക്ക് നമ്മുടെ രസനകൾ പരുവപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കൊച്ചു ചക്കരച്ചി എന്ന ലേഖനത്തിന്റെ പശ്ചാത്തലത്തിൽ മാമ്പഴക്കാലം എന്ന കവിതക്ക് ആസ്വാദനം തയ്യാറാക്കുക




ഫസ്റ്റ്ബെൽ - സഹായക പഠനസാമഗ്രി